മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

ഡി ലിറ്റ് 2018 - ഡി ലിറ്റ് ബിരുദദാന ചടങ്ങുമായി ബന്ധപ്പെട്ട് ചേർന്ന കൂടിയാലോചന യോഗത്തിന്റെ തീരുമാനങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് എV വിഭാഗം

നം. 8097/എ5/ഡിലിറ്റ്/2018/അക്കാദമിക് പി.ഡി.ഹിൽസ്, തീയതി, 14/11/2018

---

സൂചന:- 13/11/2018 തീയതിയിൽ രജിസ്ട്രാറുടെ ചേംബറിൽ ഡിലിറ്റ് ബിരുദദാന ചടങ്ങുമായി ബന്ധപ്പെട്ട് ചേർന്ന യോഗത്തിന്റെ മിനിട്സ്.

## ഉത്തരവ്

ഡി ലിറ്റ് ബിരുദദാനവുമായി ബന്ധപ്പെട്ട് ചേർന്ന യോഗത്തിൽ പ്രസ്തുത ചടങ്ങിനായി നടത്തിയിട്ടുള്ള ഒരുക്കങ്ങൾ രജിസട്രാർ വിശദീകരിക്കുകയും നടപടികൾ യോഗം വിലയിരുത്തുകയും ചെയ്തു.

സൂചന പ്രകാരം താഴെ പറയുന്ന കാര്യങ്ങൾ ശുപാർശ ചെയ്യുന്നതിനു യോഗം തീരുമാനിച്ചു.

1. ഡി ലിറ്റ് ബിരുദദാന ചടങ്ങുമായി ബന്ധപ്പെട്ട് വാർത്തകൾ പ്രമുഖ പത്രങ്ങളിലും ദൃശ്യ/ സാമൂഹിക മാധ്യമങ്ങളിലും നൽകുന്നതിനും പ്രസ്സ് കോൺഫറൻസ് സംഘടിപ്പിക്കുന്നതിനും പി.ആർ.ഒ യെ ചുമതലപ്പെടുത്തുന്നതിനും വാർത്താ സമ്മേളനം 10/12/2018-നു കോട്ടയം പ്രസ്സ് ക്ലബിൽ വച്ചു നടത്തുന്നതിനും, ശുപാർശ ചെയ്തു.
2. ഡി ലിറ്റ് ബിരുദദാന ചടങ്ങിന്റെ തത്സമയ വെബ്കാസ്റ്റ് നടത്തുന്നതിനുള്ള സംവിധാനങ്ങൾ തയ്യാറാക്കുന്നതിനായി പി ആർ ഒ യെയും, ഡോ. ഗിരീഷ് കുമാറിനേയും, (അസിസ്റ്റന്റ് പ്രൊഫസർ, SIRP) ചുമതലപ്പെടുത്തുന്നതിനു ശുപാർശ ചെയ്തു.
3. ശ്രീ. എം.എ. യൂസഫ് അലിയുടെ യാത്രാ വിവരങ്ങൾ അറിയുന്നതിനായി അദ്ദേഹത്തിനു ഇ-മെയിൽ അയക്കുന്നതിനു ശുപാർശ ചെയ്തു.
4. ശ്രീ. ടി. പത്മനാഭൻ, ശ്രീ. എം.എ. യൂസഫ് അലി എന്നിവരുടെ സൈറ്റേഷനുകളും പ്രസംഗങ്ങളും ടൈപ്പ് സെറ്റ് ചെയ്തത് അവർക്ക് അയച്ചു കൊടുത്ത് സ്ഥിരീകരണം നേടുന്നതിനും ശുപാർശ ചെയ്തു.
5. ഡി ലിറ്റ് ബിരുദദാന ചടങ്ങിലേക്ക് മുൻ വൈസ് ചാൻസലർ, പ്രോ വൈസ് ചാൻസലർമാർ, രജിസ്ട്രാർമാർ, പരീക്ഷാ കൺട്രോളർമാർ, ഫിനാൻസ് ഓഫീസർമാർ, വകുപ്പ് മേധാവികൾ എന്നിവരോടൊപ്പം മുൻ ജോയിന്റ് രജിസ്ട്രാർമാരെക്കൂടി ക്ഷണിക്കുന്നതിനു ശുപാർശ ചെയ്തു.

6. ഡി ലിറ്റ് ബിരുദദാന ചടങ്ങിന്റെ ക്ഷണക്കത്ത് സിൻഡിക്കേറ്റ് അംഗങ്ങൾ, സെനറ്റ് അംഗങ്ങൾ എന്നിവർക്ക് യഥാസമയം എത്തിക്കുന്നതിനു ശുപാർശ ചെയ്തു.

7. ഡി ലിറ്റ് ബിരുദദാനത്തിനുള്ള സൈറ്റേഷനുകൾ മലയാളത്തിലും ഇംഗ്ലീഷിലും തയ്യാറാക്കുന്നതിനും ഫലകത്തിന്റെ ഇരു വശവുമായി നൽകുന്നതിനും ശുപാർശ ചെയ്തു.

8. ശ്രീ. ടി. പത്മനാഭനു വൈസ് ചാൻസലറുടെ ക്വാർട്ടേഴ്സിൽ താമസസൗകര്യമൊരുക്കുന്നതിനു ശുപാർശ ചെയ്തു.

9. ഗസ്റ്റ് ഹൗസിലെ മരാമത്ത് ജോലികൾ യഥാസമയം പൂർത്തിയാക്കുന്നതിനും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും സാധന സാമഗ്രികൾ വാങ്ങുന്നതിനും ശുപാർശ ചെയ്തു. രണ്ട് മുറികളിൽ എ.സി. ഘടിപ്പിക്കുന്ന ജോലി എത്രയും പെട്ടെന്നു പൂർത്തിയാക്കുന്നതിനു സർവ്വകലാശാല എഞ്ചിനീയർക്ക് നിർദ്ദേശം നൽകുന്നതിനും ശുപാർശ ചെയ്തു.

10. ഡി ലിറ്റ് ബിരുദദാന ചടങ്ങുമായി ബന്ധപ്പെട്ട് അച്ചടിക്കേണ്ട പ്രധാനപ്പെട്ട രേഖകളിൽ ചെലവു ചുരുക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ ബിരുദദാന ചടങ്ങിന്റെ ലേ ഔട്ട് ഉപയോഗിക്കുന്നതിനു ശുപാർശ ചെയ്തു.

11. എല്ലാ ഉപസമിതികളുടെയും യോഗം അടിയന്തിരമായി വിളിച്ചു ചേർക്കുന്നതിനും നടപ്പിലാക്കിയ ജോലികളുടെ പുരോഗതി വിലയിരുത്തുന്നതിനും കൺവീനർമാരെ ചുമതലപ്പെടുത്തി ശുപാർശ ചെയ്തു.

12. മനോരമ, ഡി സി ബുക്ക്സ് എന്നിവർക്ക് പ്രത്യേകം ക്ഷണപത്രം നൽകുന്നതിനു ശുപാർശ ചെയ്തു.

13. എല്ലാ ക്ഷണിതാക്കൾക്കും ക്ഷണപത്രം നൽകുന്നതിന്റെ ചുമതല പി ആർ ഒ -ക്കും പബ്ലിസിറ്റി കമ്മിറ്റിക്കും നൽകുന്നതിനു ശുപാർശ ചെയ്തു.

14. പന്തൽ, ശബ്ദം, വെളിച്ചം എന്നിവ ഒരുക്കുന്നതിനും ഹമ്പുകൾ, റോഡുകൾ, നടപ്പാതകൾ, പ്രധാന ഗേറ്റ്, സ്ട്രീറ്റ് ലൈറ്റുകൾ, ശുചിമുറികൾ, എന്നിവയുടെ അറ്റകുറ്റപണികൾ എന്നിവ നടത്തുന്നതിനും സർവ്വകലാശാല എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതിനു ശുപാർശ ചെയ്തു.

15. പന്തലിൽ അലങ്കാരങ്ങൾ ഏർപ്പെടുത്തുമ്പോൾ ആർഭാടം ഒഴിവാക്കുന്നതിനു ശുപാർശ ചെയ്തു.

16. ഡി ലിറ്റ് ബിരുദദാന ചടങ്ങിന്റെ അവതാരകരായി ഡോ. അജു കെ. നാരായണൻ, അസിസ്റ്റന്റ് പ്രൊഫസർ, സ്കൂൾ ഓഫ് ലെറ്റേഴ്സ്, ശ്രീ. സുനിൽ കുമാർ എൻ., സെക്ഷൻ ഓഫീസർ, ജൈവം സെൽ, ശ്രീമതി ആനി ജോർജ്ജ്, സെക്ഷൻ ഓഫീസർ, എഡി ബി IV, ശ്രീമതി. ഹാർമിള ബീഗം, സെക്ഷൻ ഓഫീസർ, എഡി എ V എന്നിവരെ നിയോഗിക്കുന്നതിനു ശുപാർശ ചെയ്തു.

17. പാർക്കിംഗിനായുള്ള സൗകര്യം ഒരുക്കുന്നതിനു സെക്യൂരിറ്റി ഓഫീസറെ ചുമതലപ്പെടുത്തുന്നതിനു ശുപാർശ ചെയ്തു.

18. ബിരുദദാന ചടങ്ങിനായി പ്രധാന സ്ഥലങ്ങളിൽ ഹോർഡിംഗുകൾ ബോർഡുകൾ എന്നിവ സ്ഥാപിക്കുന്നതിനു പി ആർ ഒ യെ ചുമതലപ്പെടുത്തുന്നതിനു ശുപാർശ ചെയ്തു.

19. ഫോട്ടോ, വീഡിയോ എന്നിവർക്കുള്ള ഏർപ്പാടുകൾ ചെയ്യുന്നതിനു ഡോ. ഗിരീഷ് കുമാറിനെയും അസിസ്റ്റന്റ് പ്രൊഫസർ, SIRP, പി ആർ ഒ -യേയും ചുമതലപ്പെടുത്തുന്നതിനു ശുപാർശ ചെയ്തു.

20. റോബ് അണിയിക്കുന്നതിനു സ്കൂൾ ഓഫ് ഡിസ്റ്റൻസ് എജ്ജ്യൂക്കേഷനിലും സൗകര്യമൊരുക്കുന്നതിനു ശുപാർശ ചെയ്തു.

21. വൈദ്യുതി മുടക്കം കൂടാതെ ലഭ്യമാക്കുന്നതിനു ചാൻസലർ പങ്കെടുക്കുന്ന ബിരുദദാന ചടങ്ങിനെപ്പറ്റി കെ എസ് ഇ ബി ഓഫീസിൽ വിവരം നൽകുന്നതിനു ശുപാർശ ചെയ്തു.

22. സ്റ്റേജിൽ വിന്യസിക്കേണ്ട കസേരകളുടെ ഉയരം ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനു സർവകലാശാലാ എൻജിനീയർക്കു നിർദ്ദേശം നൽകുവാൻ ശുപാർശ ചെയ്തു.

23. 12/12/2018-ൽ ബിരുദദാന ചടങ്ങിന്റെ റിഹേഴ്സൽ നടത്തുന്നതിനു ശുപാർശ ചെയ്തു.

മേൽ ശിപാർശകൾ വൈസ് ചാൻസലർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ദിലീപ് കുമാർ ആർ
**അസിസ്റ്റന്റ് രജിസ്ട്രാർ III (അക്കാദമിക്)**
**രജിസ്ട്രാർക്ക് വേണ്ടി**

പകർപ്പ്.

1. കമ്മിറ്റികളുടെ കൺവീനർമാർ
2. വൈസ് ചാൻസലർ/പ്രോ വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ/ഫിനാൻസ് ഓഫീസറുടെ പി.എ.മാർ
4. ജെ.ആർ (അക്കാദമിക്)/ഡി.ആർ I (അക്കാദമിക്)/ ഡി.ആർ II (അക്കാദമിക്)/എ.ആർ III
5. ഡോ. അജു കെ. നാരായണൻ, അസിസ്റ്റന്റ് പ്രൊഫസർ, സ്കൂൾ ഓഫ് ലെറ്റേഴ്സ്
6. ഡോ. ഗിരീഷ് കുമാർ, അസിസ്റ്റന്റ് പ്രൊഫസർ, SIRP
7. ശ്രീ. സുനിൽ കുമാർ എൻ., സെക്ഷൻ ഓഫീസർ, ജൈവം സെൽ
8. ശ്രീമതി. ആനി ജോർജ്ജ്, സെക്ഷൻ ഓഫീസർ, എഡി ബി IV
9. ശ്രീമതി. ഹാർമിള ബീഗം, സെക്ഷൻ ഓഫീസർ, എഡി എ V
10. യൂണിവേഴ്സിറ്റി എൻജിനീയർ
11. പി.ആർ.ഒ.
12. കണ്ടന്റ് മാനേജ്മെന്റ് വിഭാഗം/ഐ.ക്യു.എ.സി.
13. കരുതൽ ഫയൽ/ഫയൽ പകർപ്പ്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**